## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.154

27/02/2017-ൽ മറുപടിക്ക്

### തോക്ക് ലൈസൻസ് പുതുക്കി നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അനിൽ അക്കര<br>,, കെ.എസ്.ശബരീനാഥൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) തോക്ക് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | എ) തോക്ക് ലൈസൻസുകൾ പുതുക്കി നൽകുന്നതിൽ തീർപ്പാക്കാൻ ബാക്കിയുളള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | തീർപ്പാക്കാൻ ബാക്കിയുളള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 97 |
| 2 | കൊല്ലം | 52 |
| 3 | പത്തനംതിട്ട | 186 |
| 4 | ആലപ്പുഴ | 28 |
| 5 | കോട്ടയം | 1344 |
| 6 | ഇടുക്കി | 658 |
| 7 | എറണാകുളം | 826 |
| 8 | തൃശ്ശൂർ | 109 |
| 9 | മലപ്പുറം | 528 |
| 10 | പാലക്കാട് | 1323 |
| 11 | കോഴിക്കോട് | 372 |
| 12 | കണ്ണൂർ | 175 |
| 13 | വയനാട് | 187 |
| 14 | കാസർഗോഡ് | 482 |

| ചോദ്യം | മറുപടി |
|---|---|
| ബി) ഈ അപേക്ഷകൾ പുതുക്കി നൽകുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; | ബി) റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, വനം വകുപ്പ് എന്നിവരിൽ നിന്നും അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസവും, അപ്പീൽ പരിഗണിക്കുന്ന വിചാരണ വേളയിൽ പ്രതികൂല റിപ്പോർട്ടിന്മേൽ അപേക്ഷകൻ പുനരന്വേഷണം ആവശ്യപ്പെടുന്നതും, ടി അന്വേഷണം പൂർത്തിയാകാൻ എടുക്കുന്ന സമയവും കാലതാമസത്തിന് കാരണമാകുന്നുണ്ട്. രാജ്യസുരക്ഷ മുൻനിർത്തി ആയുധവ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ പുറപ്പെടു |

വിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും, ആഭ്യന്തര (എഫ്) വകുപ്പിന്റെ 14/09/10 ലെ 76689/എഫ്1/09/ആഭ്യന്തരം നമ്പർ സർക്കുലറും പ്രകാരം അത്യധികം ഭീഷണി നിലനിൽക്കുന്ന വ്യക്തികൾക്ക് മാത്രമേ സ്വയരക്ഷയ്ക്ക് ആയുധലൈസൻസ് അനുവദിക്കാൻ പാടുള്ളൂ. ഇതു സംബന്ധിച്ച് അനുകൂലമായ പോലീസ് റിപ്പോർട്ട് ലഭിക്കാത്ത അപേക്ഷകൾ തീർപ്പാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

| | |
|---|---|
| സി) കാലതാമസം ഒഴിവാക്കി, ലൈസൻസ് പുതുക്കി നൽകാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | സി) അന്വേഷണ റിപ്പോർട്ടുകൾ 2016ലെ ആയുധ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ സമർപ്പിച്ച് കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ